NSW ഹെൽത്ത് (ആരോഗ്യം)

# സിംഗിള് ഡിജിറ്റല് പേഷ്യന്റ് റിക്കാർഡ്
# Single Digital Patient Record

## നിങ്ങളുടെ പരിചരണ ആവശ്യങ്ങൾ മികച്ച രീതിയിൽ നിറവേറ്റുന്നതിനായി, നിങ്ങളുടെ ആരോഗ്യ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന രീതി ഞങ്ങൾ മെച്ചപ്പെടുത്തുന്നു

## എന്താണ് മാറുന്നത്?

പരിശോധനാ ഫലങ്ങൾ, അപ്പോയിന്റ്മെന്റുകൾ, ചികിത്സാ ചരിത്രം എന്നിവ പോലുള്ള ഒരു വ്യക്തിയുടെ ആരോഗ്യ വിവരങ്ങളുടെ പൂർണ്ണമായ പ്രാതിനിധ്യം - എല്ലാം ഒരു സുരക്ഷിത സംവിധാനത്തിൽ പ്രദർശിപ്പിക്കുന്നതിലൂടെ, സിംഗിൾ ഡിജിറ്റൽ പേഷ്യന്റ് റെക്കോർഡ് NSW ഹെൽത്തിലുടനീളമുള്ള ആരോഗ്യ സംരക്ഷണ അനുഭവങ്ങളിൽ മാറ്റം വരുത്തുന്നു.





## എന്താണ് നേട്ടങ്ങൾ?

- ഈ പുതിയ സംവിധാനം നിങ്ങളുടെ എല്ലാ ആരോഗ്യ വിവരങ്ങളും ഒരിടത്ത് ഏകീകരിക്കുന്നു
- പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞാൽ, നിങ്ങളുടെ ആരോഗ്യ വിവരങ്ങൾ എല്ലാ NSW ഹെൽത്ത് ആശുപത്രികളിലും സേവനങ്ങളിലും ലഭ്യമാകും
- ഇത് സ്വകാര്യവും സുരക്ഷിതവുമാണ്
- നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല.

ഇതിനെക്കുറിച്ച് കൂടുതലറിയുക

**സിംഗിള് ഡിജിറ്റല് പേഷ്യന്റ് റിക്കാർഡ്**

**health.nsw.gov.au/sdpr**

Malayalam



## നിങ്ങൾക്ക് ഇത് എങ്ങിനെയാണ് പ്രയോജനപ്പെടുന്നത്?

- നിങ്ങളുടെ പരിചരണം അതേപടി തുടരും, നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല
- നിങ്ങളുടെ വിവരങ്ങൾ സുരക്ഷിതമായും സ്വകാര്യമായും തുടരും
- ഞങ്ങളുടെ ആരോഗ്യ സേവന കേന്ദ്രങ്ങള് സന്ദർശിക്കുമ്പോൾ എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ, ദയവായി ഒരു സ്റ്റാഫ് അംഗത്തോട് ചോദിക്കുക.

## എന്തുകൊണ്ടാണ് ഇത് മാറുന്നത്?

ഇതുവരെ, നിങ്ങളുടെ ആരോഗ്യ വിവരങ്ങൾ കൈകാര്യം ചെയ്യാൻ NSW ഹെൽത്ത് വ്യത്യസ്ത കമ്പ്യൂട്ടർ സംവിധാനങ്ങളാണ് ഉപയോഗിച്ചിരുന്നത്. നിങ്ങളുടെ എല്ലാ NSW ആരോഗ്യ വിവരങ്ങളും ഒരു സുരക്ഷിത സംവിധാനത്തിലേക്ക് കൊണ്ടുവന്നുകൊണ്ട് സിംഗിൾ ഡിജിറ്റൽ പേഷ്യന്റ് റെക്കോർഡ് ഇത് മാറ്റുകയാണ്.

## എപ്പോഴാണ് അത് സംഭവിക്കുന്നത്?

സിംഗിൾ ഡിജിറ്റൽ പേഷ്യന്റ് റെക്കോർഡ് ഇപ്പോൾ NSW ഹെൽത്തിൽ ഉടനീളം ഘട്ടം ഘട്ടമായി പുറത്തിറങ്ങുന്നു.

2028 അവസാനത്തോടെ എല്ലാ NSW ആരോഗ്യ സംഘടനകളിലും ഈ സംവിധാനം ഉപയോഗിക്കപ്പെടും.

പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞാൽ, നിങ്ങളുടെ ആരോഗ്യ വിവരങ്ങൾ എല്ലാ NSW ഹെൽത്ത് ആശുപത്രികളിലും സേവനങ്ങളിലും ലഭ്യമാകും.

## ഒരു വ്യാഖ്യാതാവിനെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് സഹായം ആവശ്യമുണ്ടെങ്കിൽ, നിങ്ങളുടെ ആരോഗ്യ സംരക്ഷണ സംഘത്തോട് ഒന്ന് ക്രമീകരിക്കാൻ ആവശ്യപ്പെടുക. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും 131 450 എന്ന നമ്പറിൽ (സൗജന്യവും രഹസ്യാത്മകവും) വിവർത്തന, വ്യാഖ്യാന സേവനത്തെ വിളിക്കാം.

**ഞങ്ങളുടെ ജീവനക്കാർ ഈ പുതിയ സംവിധാനവുമായി പൊരുത്തപ്പെടുന്നത് വരെ, നിങ്ങളുടെ ക്ഷമയ്ക്ക് നന്ദി.**

ഇതിനെക്കുറിച്ച് കൂടുതലറിയുക

**സിംഗിള് ഡിജിറ്റല് പേഷ്യന്റ് റിക്കാർഡ്**

**health.nsw.gov.au/sdpr**